"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/18750/16

ചാക്ക, തിരുവനന്തപുരം
തീയതി: 03.01.2017

## <u>*ചുറ്ററിയിപ്പ്*</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016- പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചത് - പരീക്ഷാ അപേക്ഷകളിൻ മേൽ സ്വീകരിക്കേണ്ട തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

***************

ജൂലൈ 2016 ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതിയ ട്രെയിനികളുടെ പരീക്ഷാഫലം ഡി.ജി.റ്റി. പൂർണ്ണമായി പ്രസിദ്ധീകരിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ റിസൾട്ടിലെ പൊതുവായ അനോമിലികൾ പരിഹരിച്ചതായി പോർട്ടൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. ഇത്തരത്തിൽ സർവ്വേയർ/മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നീ ട്രേഡുകളുടെ റിസൾട്ടിലെ അനോമിലികൾ പരിഹരിക്കുകയും ഭാഗികമായി പരീക്ഷ എഴുതിയ/പൂർണ്ണമായി പരീക്ഷ എഴുതാത്ത ട്രെയിനികളുടെ പരീക്ഷാ ഫലം തോറ്റതായി രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്തതായി കാണുന്നു. പുതുക്കിയ റിസൾട്ടിനെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ട്രെയിനികളെ അറിയിക്കേണ്ടതാണ്.

ടി സാഹചര്യത്തിൽ പോർട്ടലിൽ ലഭ്യമായ പുതുക്കിയ റിസൾട്ട് വിശദമായി പരിശോധിച്ച് ഫെബ്രുവരി 2017 ൽ നടക്കുന്ന അഖിലേന്ത്യാ ട്രെഡ് ടെസ്റ്റ് എഴുതുന്നതിനായി ട്രെയിനികൾ സമർപ്പിച്ച അപേക്ഷകളെ സംബന്ധിച്ച്/അപേക്ഷ സമർപ്പിക്കേണ്ടതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അതത് സ്ഥാപനമേധാവികൾ/ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ പാലിക്കേണ്ടതും ആയതു പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1. എം.ഐ.എസ്. വെബ്പോർട്ടലിൽ നിന്ന് മാർക്ക്ഷീറ്റുകൾ ലഭ്യമാകാത്തതിനാൽ മാർക്ക്ഷീറ്റുകൾ ഉൾപ്പെടുത്താൻ കഴിയാതിരുന്ന അപേക്ഷയോടൊപ്പം മാർക്ക്ഷീറ്റുകൾ പ്രിന്റ് എടുത്ത് ഉൾപ്പെടുത്തേണ്ടതാണ്.
2. റിസൾട്ട് പുതുക്കിയത് മൂലമുള്ള മാറ്റങ്ങൾക്ക് അനുസരിച്ച് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ മുമ്പ് സമർപ്പിച്ച അപേക്ഷയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയതു മാറ്റി നോഡൽ ഐ.ടി.ഐ കളിൽ സമർപ്പിക്കേണ്ടതും ആയത് പ്രകാരം <u>itdkerala.org</u> പോർട്ടലിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ആയതിന്റെ പ്രിന്റ് ഔട്ട് എടുത്ത് നോഡൽ ഐ.ടി.ഐ കളിൽ സമർപ്പിക്കേണ്ടതുമാണ്.

3. റിസൾട്ടിലെ ന്യൂനതകൾ മൂലം അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന ട്രെയിനികളിൽ നിന്ന് ഫീസ് ഒടുക്കി അപേക്ഷകൾ സ്വീകരിക്കുന്നതിന് അറിയിപ്പ് നൽകേണ്ടതും അപേക്ഷകൾ **06/01/2017** വരെ സ്വീകരിക്കേണ്ടതുമാണ്.

ഇപ്രകാരം അപേക്ഷകൾ സ്വീകരിക്കുമ്പോൾ പരീക്ഷ എഴുതുന്നതിന് അർഹരായ ട്രെയിനികളിൽ നിന്ന് മാത്രം അപേക്ഷകൾ സ്വീകരിക്കുന്നതിനും ഇവരുടെ പേരുകൾ എം.ഐ.എസ് പോർട്ടലിൽ ബന്ധപ്പെട്ട സെമസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അതത് സ്ഥാപനമേധാവികൾ കർശനമായും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. റഗുലർ ട്രെയിനികളുടെ പേരുകൾ, എം.ഐ.എസ് പോർട്ടലിലെ ബന്ധപ്പെട്ട സെമസ്റ്ററിലെ സെഷണൽ മാർക്ക് എൻട്രി/ഹാജർ എൻട്രി/ ഫീസ്റ്റാറ്റസ് എൻട്രി എന്നീ ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കി മാത്രമേ അപേക്ഷ സ്വീകരിക്കാവൂ. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

4. എം.ഐ.എസ് പോർട്ടലിൽ ഉൾപ്പെട്ടിട്ടുള്ള ട്രെയിനികളുടെ അപേക്ഷാ വിവരങ്ങൾ (സപ്ലിമെന്ററി പരീക്ഷയുടെ കാര്യത്തിൽ വിഷയങ്ങൾ ഉൾപ്പെടെ) ഐ.ടി.ഡി പോർട്ടലിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണോയെന്ന് അതത് സ്ഥാപനമേധാവികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും എല്ലാ സെമസ്റ്ററുകളുടേയും പുതുക്കിയ പ്രിന്റ് ഔട്ടുകൾ ഒരിക്കൽ കൂടി എടുത്ത് നോഡൽ ഐ.ടി.ഐ കളിൽ **07/01/17 നകം** തന്നെ അതത് സ്ഥാപനമേധാവികൾ സമർപ്പിക്കേണ്ടതുമാണ്.

5. ഇത്തരത്തിൽ സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന എല്ലാ പ്രിന്റ് ഔട്ടുകളും ഉപരിപത്രം സഹിതം പ്രത്യേക ദൂതൻ മുഖാന്തിരം **10/01/17 നകം** നോഡൽ പ്രിൻസിപ്പാൾമാർ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.

ഇപ്പോൾ ലഭ്യമായ റിസൾട്ട് പോർട്ടലിൽ പരിശോധിക്കേണ്ടതും. ബന്ധപ്പെട്ട ട്രെയിനികളെ റിസൾട്ടിനെ സംബന്ധിച്ച വിവരം അറിയിക്കേണ്ടതും മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ടി ചുറ്ററിയിപ്പിന്റെ പകർപ്പ് സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ ട്രെയിനികളുടെ അറിവിലേക്കായി പതിപ്പിക്കേണ്ടതുമാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഗവ./എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/
സ്വകാര്യ ഐ.ടി.ഐ പ്രൻസിപ്പാൾമാർക്കും

<u>പകർപ്പ്</u>
വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/03.01